# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/720/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.7/720/2022 തീയ്യതി: 21/06/2022

## തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 26-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-04-2022 | 26-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സുനിത.എസ്.ബാബു. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.ബാലിക് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ഷാജി.എൻ | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ.സുപിൻ.വി. | സെക്രട്ടറി | 04-02-2021 | 16-02-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സോണിയ.വി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ജി.രാജു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.എസ്.സുനിൽകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു.പി.എസ്. | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി ഫസീല ബീവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീ. അനി.റ്റി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| ശ്രീ. കൃഷ്ണകുമാർ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജ്യോതി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഗോപകുമാർ.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ. രതീഷ് ഭദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി കീർത്തി. പി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2020 | 31-03-2021 |
| ശ്രീ. വിഷ്ണു.എസ്.രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 30-06-2020 |
| ശ്രീമതി സിനി.വിൽസൺ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-07-2020 | 31-03-2021 |
| ഡോ. ബിനി രാജ് | വെറ്ററിനറി സർജൻ | 01-04-2020 | 06-08-2020 |

| | | | |
|---|---|---|---|
| ഡോ. സക്കറിയ | വെറ്ററിനറി സർജൻ | 07-08-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ഭരണം

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-2 |
| 3 | അഡ്വാൻസ് നല്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-3 |
| 5 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം.<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-3-1 |
| 6 | 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-3-2 |
| 7 | പദ്ധതി അവലോകനം<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-4 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 25-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-5-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-5-2 |
| 11 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 25-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-6 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: K Sreeja (Deputy Director, On 21-06-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-9 |
| 15 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-10 |
| 16 | കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ | 1-11 |

| | | |
|---|---|---|
| | ഈടാക്കിയില്ല.<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | |
| 17 | വസ്തു നികുതി പിരിവ് - വിവിധ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-12 |
| 18 | കെട്ടിട നമ്പർ നൽകൽ- അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-13 |
| 19 | അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടികൾ കാര്യക്ഷമമല്ല.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-14 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - പ്രധാന അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-15 |
| 21 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-16 |
| 22 | ഓഫീസ് വാഹന പരിപാലനം - അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-17 |
| 23 | പി.എച്ച്.സി-യിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-18 |
| 24 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-19 |
| 25 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 27-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-20 |
| 26 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല.<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-21 |
| 27 | കുടുംബാരോഗ്യകേന്ദ്ര പരിസരത്ത് ഉപയോഗ ശൂന്യമായി കിടക്കുന്ന ട്രാക്ടർ ലേലം ചെയ്യുന്നത് സംബന്ധിച്ച്<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-22 |
| 28 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-23 |
| 29 | ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-24 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-25 |
| 31 | കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-26 |
| 32 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-27 |

| | | |
|---|---|---|
| 33 | മത്സ്യതൊഴിലാളികൾക്ക് കട്ടമരം നൽകൽ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം.<br>Written By: Praveen N.G (Asst. Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-28 |
| 34 | കുടിവെള്ള വിതരണം പദ്ധതി-നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാരന് തുക നൽകി - 2,73,572/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Praveen N.G (Asst. Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ<br>Written By: Sabu G (Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sabu G (Audit Officer, On 26-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sabu G (Audit Officer, On 27-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 15082605/- രൂപയും, പ്രതീക്ഷിത വരുമാനം 205186235/-രൂപയും ചേർത്ത് ആകെ വരവ് 220268840/-രൂപയും ആകെ ചെലവ് 203908235/-രൂപയും നീക്കിബാക്കി 16360605/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 23.06.2020-ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 270564323/- രൂപയും ചെലവ് 257342652/-രൂപയും 13221671/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തി വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നിരീക്ഷിക്കുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5), പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക നിയന്ത്രണത്തിന്റെ നെടുംതൂണുകളിൽ ഒന്നായ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 17.05.2021 |

വാർഷിക ധനകാര്യ പത്രിക – അപാകതകൾ.

1) അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ Fixed Asset-കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3) വികസനഫണ്ട് ജനറൽ അനുബന്ധം 4 പ്രകാരം 1,27,69,000/- രൂപയാണ് ബഡ്ജറ്റ് അലോക്കേഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 1,55,35,072/- രൂപ ആകെ

ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന് പ്രത്യേക ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

4) 20-21 ബാലൻസ്ഷീറ്റ് B(11) ഷെഡ്യൂളിൽ Capital Work In Progress ആയി "0" രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസി.എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റ് പ്രകാരം വെൺകുളം എൽ പി എസ് ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവർത്തിക്കായി 1,91,029/- രൂപ പാർട്ട് ബിൽ നല്കിയിരിക്കുന്നു.

5) ചുവടെ ചേർത്തിട്ടുള്ള ദിവസങ്ങളിൽ ക്യാഷ്ബാലൻസ് നെഗറ്റീവ് ( ക്രഡിറ്റ് ബാലൻസ്) രേഖപ്പെടുത്തിയിരിക്കുന്നു.

| ക്യാഷ് ബുക്ക് -450100101 | | | |
|---|---|---|---|
| Date | Description | Debit | Credit |
| 10.03.2021 | Opening Balance | 69262 | |
| | Receipt | 24183 | |
| | Payment | | 125776 |
| | Closing Balance | (32331) | |
| 04.04.21 | Opening Balance | 43514 | |
| | Receipt | 30215 | |
| | Payment | | 100028 |
| | Closing Balance | (26299) | |
| 06.03.2021 | Opening Balance | | 24838 |
| | Receipt | 22650 | |
| | Payment | | 31676 |
| | Closing Balance | (33864) | |

വാർഷിക ധനകാര്യപത്രിക അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13, 20.4.22) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. പ്രസ്തുത അനുപാതം സംബന്ധിച്ച റിപ്പോർട്ട് സാംഖ്യയിൽ ലഭിക്കാത്തതിനാൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

2. വരും സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

3. സ്പിൽഓവർ പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചതുകൊണ്ടാണ് അപ്രകാരം വ്യത്യാസം വന്നത്.
4. ടി പ്രോജക്ടിന്റെ ചെലവ് ആസ്തിയായി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചത്, അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

5. 02.03.2021-ലെ ഫ്രണ്ട്ഓഫീസ് വരവ് 56,514/-രൂപ 03.03.2021-ൽ ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കോൺട്രാ ചെയ്തപ്പോൾ രണ്ട് തവണ തുക രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നത്. ടി അപാകത 12.3. 21 ൽ പരിഹരിച്ചു.

മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള തിരുത്തലുകൾ നടത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-2-1 അഡ്വാൻസ് നല്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

R&P സ്റ്റേറ്റ്മെന്റിൽ 460100103 ഹെഡിൽ 8,64,766/-രൂപയും 460500501 ഹെഡിൽ 12,52,600/-രൂപയും അഡ്വാൻസ് നല്കിയതായി കാണുന്നു. പ്രസ്തുത അഡ്വാൻസുകൾ നല്കിയതിന്റെ വിവരവും അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരവും ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44, 26.04.2022) രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-3 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | ബഡ്ജറ്റ് പ്രകാരമുള്ള തുക | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | എഎഫ്എസ് പ്രകാരം വരവ് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് | Source Deduction, 19- 20 Queue Bill ഉൾപ്പെടെ ആകെ ചെലവ് | 20-21 വർഷത്തെ Queue Bill | നീക്കി യിരിപ്പ്, ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 12769000 | 12580744 | 12520738 | 12520738 | 12520738 | 15535072 | 546152 | (-) 2766072 121.66% |
| വികസനഫണ്ട് SCP | 0 | 5960000 | 5314902 | 5314902 | 5314902 | 5314902 | 5960000 | - | 0 100% |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 4145000 | 4103074 | 3887341 | 3887341 | 3887341 | 3887341 | 312120 | 257659 93.78% |
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 6269000 | 6269000 | 3817025 | 3817025 | 3817025 | 3817025 | 1106362 | 2451975 60.88% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ് | 0 | 5600000 | 5600000 | 2078526 | 2078526 | 2078526 | 2078526 | - | 3521474 (37.11%) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ഗ്രാന്റ് | 0 | 5600000 | 10564558 | 7007409 | 7007409 | 7007409 | 7007409 | 1098382 | 3557149 (66.32%) |
| അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 334873 | | | 1050485 | 1385358 | 1385358 | | | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | - | - | 8780000 | 8780000 | 8780000 | - | - | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2964202 | - | - | 3036356 | 6000558 | 3385299 | - | - | 2615259 |

വികസനഫണ്ട് ജനറൽ അനുബന്ധം IV പ്രകാരം ബജറ്റ് അലോക്കേഷൻ തുക 1,27,69,000/- രൂപയാണ്. എന്നാൽ ചെലവ് 1,55,350,72/- (Source Deduction ഉൾപ്പെടെ) രൂപയാണ്.

### 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം.

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശത മാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4875890 | | 0 | | 0 | | 0 | | 200000 | |
| | ചെലവ് | 3926150 | 80.5% | 0 | 0 | 0 | | 0 | 0 | 200000 | 100% |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 12664743 | | 0 | | 5460006 | | 0 | | 3330000 | |
| | ചെലവ് | 10978207 | 86.68% | 0 | 0 | 4023852 | 73.69% | 0 | | 2543118 | 76.36% |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം- പശ്ചാത്തലം | അടങ്കൽ | 989212 | | 0 | | 6048895 | | 7726037 | | 1175000 | |
| | ചെലവ് | 630715 | 63.75% | 0 | 0 | 5062083 | 83.68% | 3817025 | 49.4% | 1144223 | 97.38% |
| പട്ടിക ജാതി വിഭാഗം- ഉല്പാദനം | അടങ്കൽ | 0 | | | | 0 | | 0 | | 0 | |
| | ചെലവ് | 0 | | | | 0 | 0 | 0 | | 0 | |
| പട്ടിക ജാതി വിഭാഗം- സേവനം | അടങ്കൽ | 0 | | 5158590 | | 37300 | | 0 | | | |
| | ചെലവ് | 0 | | 4584711 | 88.87% | 0 | 0% | 0 | | 0 | |
| പട്ടിക ജാതി വിഭാഗം- പശ്ചാത്തലം | അടങ്കൽ | 0 | | 1700000 | | | | | | 0 | |
| | ചെലവ് | 0 | | 1375289 | 80.89% | 0 | 0% | | % | 0 | |

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് 49.4% മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. പട്ടികജാതി വിഭാഗം സേവന മേഖലയിൽ CFC ഗ്രാന്റ് 37,300/-രൂപ വകയിരുത്തിയെങ്കിലും ചെലവ് ഒന്നുംതന്നെ നടന്നിട്ടില്ല. ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 2020-21 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും.

| ക്രമ നം | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പഞ്ചായത്ത് വകയിരുത്തിയ തുക | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 13400000-ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുക | 10720000 | 18009956 | 15192258 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% ഉൾപ്പെടെയുള്ള ചെലവ്) | 84.35% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 113400000-ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുകയുടെ 10% | 1072000 | 4907220 | 3690185 | 75.19% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 14076000-ന്റെ 15% | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ് സി പി തുകകളുടെ 20% (14403400x20%) | 4686800 | 26950278 | 16860756 | 62.56% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (13400000x 20%) | 2680000 | 11191349 | 5697880 | 50.91% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 10% (20754000x 10%) | 2075400 | 2832008 | 1786410 | 63.07% |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 5% (20754000x 5%) | 1037700 | 1479300 | 323850 | 21.89% |
| 8. | വയോജനങ്ങൾക്ക വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 5% (20754000x 5%) | 1037700 | 1803645 | 1040817 | 57.70% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തലം | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുക 10720000-ന്റെ 30% | 3216000 (വകയിരുത്താവുന്ന കൂടിയ തുക) | 2655400 | 2620895 | 98.70% |
| 10 | പട്ടികജാതി ഉപപദ്ധതി- പശ്ചാത്തലം | പട്ടികജാതി ഉപ പദ്ധതിയുടെ 30% (10034000x30%) | 3010200 (വകയിരുത്താവുന്ന കൂടിയ തുക) | 813705 | 762366 | 93.69% |
| 11 | പട്ടികജാതി ഉപപദ്ധതി- പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 30% | 0 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 1400000 | 1400000 | 100% |
| 2 | എസ് എസ് എ | 1533714 | 1533714 | 100% |
| 3 | പാലിയേറ്റീവ് കെയർ | 349645 | 349645 | 100% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 896250 | 813450 | 90.76% |
| 5. | പി എം എ വൈ-ക്ക് അധിക വിഹിതം | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| 6. | ആശ്രയ പ്രോജക്ട് | 1073400 | 353400 | 32.92% |
| 7 | ഐ കെ എം വിഹിതം | 87935 | 87935 | 100% |

## 1-4 പദ്ധതി അവലോകനം

2020-21-ൽ ഇടവ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 10,86,74,155 | 131 | 7,49,36,012 | - | 31 | 80.86% |

അസിസ്റ്റന്റ് എഞ്ചിനീയർ 61 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 8 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ആകെ 2,20,588,43/-രൂപ വകയിരുത്തിയതിൽ 1,28,80,308/-രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവു ശതമാനം. 58.39%).

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51600 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 388800 | 27 |
| വിധവ പെൻഷൻ | 22421800 | 1535 |
| വാർദ്ധക്യകാല പെൻഷൻ | 39078000 | 2952 |
| വികലാംഗ പെൻഷൻ | 5956100 | 388 |
| വിവാഹ ധനസഹായം | 270000 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 182700 | 16 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണ റിപ്പോർട്ട് സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | റഹ്മാൻ | 17.6.20 | 102260200141 | ആക്ടീവ് |
| 2 | ജാനകിയമ്മ | 17.7.20 | 102260200785 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം.29, തീയതി 22.04.22-ന് ലഭ്യമാക്കിയ മറുപടിയിൽ ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പല ഗുണഭോക്താക്കൾക്കും മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സഫിയബീവി | 102260201726 | വാർദ്ധക്യകാലം | 5.10.20 | സസ്പെൻഡ് | 11/20മുതൽ 3/21 വരെ<br>1500×5=7500<br>4/21മുതൽ 8/21 വരെ<br>1600×5=8000 | 15500 |
| 2 | ഗോപിനാഥൻപിള്ള | 102260200333 | വാർദ്ധക്യകാലം | 07.11.2020 | സസ്പെൻഡ് | 12/20മുതൽ 03/21 വരെ<br>1500×4=6000<br>04/21 മുതൽ 01/22 വരെ<br>1600×10=16000 | 22000 |
| 3 | റസിയാബീവി | 102260200991 | വാർദ്ധക്യകാലം | 31.08.2020 | സസ്പെൻഡ് | 9/20മുതൽ 03/21 വരെ<br>1500×7=10500<br>04/21 മുതൽ 8/21 വരെ<br>1600×5=8000 | 18500 |
| 4 | രാജമ്മ | 102260201333 | വാർദ്ധക്യകാലം | 13.8.20 | ആക്ടീവ് | 9/20 മുതൽ 4/22 വരെ<br>600×20=12000 | 12000 |
| 5 | തങ്കച്ചി | 102260600600 | വിധവപെൻഷൻ | 03.08.2020 | ആക്ടീവ് | 9/20മുതൽ 12/20 വരെ | 30900 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 1400×4=5600<br>01/21 മുതൽ 03/21 വരെ<br>1500×3=4500<br>04/21മുതൽ 4/22 വരെ<br>1600×13=20800 | |
| 6 | ശാരദ | 102260200317 | വാർദ്ധക്യകാലം | 07.09.2020 | ആക്റ്റീവ് | 10/20മുതൽ 3/21 വരെ<br>1500×6=9000<br>04/21 മുതൽ 4/22 വരെ<br>1600×13=20800 | 29800 |
| 7 | പൊന്നമ്മഅമ്മാൾ | 102260200287 | വാർദ്ധക്യകാലം | 3.9.20 | സസ്പെൻഡ് | 10/20 മുതൽ<br>02/21 വരെ<br>1500×5=7500 | 7500 |
| 8 | ഗോമതിഅമ്മ | 102260200542 | വാർദ്ധക്യകാലം | 21.9.20 | സസ്പെൻഡ് | 10/20 മുതൽ<br>01/21 വരെ<br>1500×4=6000 | 6000 |
| 9 | മനോഹരൻ | 102260203185 | വാർദ്ധക്യകാലം | 02.07.2020 | ആക്റ്റീവ് | 08/20-1300<br>9/20 മുതൽ 12/20 വരെ<br>1400×4=5600<br>01/21 മുതൽ 3/21 വരെ<br>1500×3=4500<br>04/21 മുതൽ 4/22 വരെ<br>1600×13=20800 | 32200 |
| 10 | പരമു | 102260201194 | വാർദ്ധക്യകാലം | 05.07.2020 | ആക്റ്റീവ് | 08/20മുതൽ<br>04/22 വരെ<br>600×21=12600 | 12600 |
| | | | | | | ആകെ | 1,87,000/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. മരണറിപ്പോർട്ട് കൃത്യമായ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഭൂരിഭാഗം റിപ്പോർട്ടുകളിലും ആധാർ കാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാലും അനർഹമായി പെൻഷൻ കൈപ്പറ്റിയ എല്ലാവരുടേയും വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഇടവ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.30, തീയതി 22.04.22-ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022 തീയതിയിൽ 10.45 AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4257/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഏറെക്കുറെ തൃപ്തികരമാണ്. എങ്കിലും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായി ചുവടെ പറയുന്ന വിഷയങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിഷയങ്ങളിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

1) ഗ്രാമ പഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

5) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്..

6) ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും വിവിധ വാങ്ങൽ പ്രക്രിയകൾ സുതാര്യവും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതുമായിരിക്കണം.

8) ISO കാലാവധി 4.02.2022 ൽ അവസാനിച്ചിട്ടുണ്ട്. ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 334873 | 1073485 | 1408358 | 1408358 | 0.65 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26713792 | 26713792 | 26713792 | 0 |
| ആകെ | 334873 | 27787277 | 28122150 | 28122150 | 0.65 |

വരവ് RP31 ലെ 1050485/- ന്റെ കൂടെ State Sponsored Scheme ഇനത്തിൽ കിട്ടിയ 23,000/- കൂടെ ചേർത്താണ് എടുത്തിരിക്കുന്നത്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.02.2020 | 09.02.2020 മുതൽ 12.02.2020 വരെ | 12.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2019 മുതൽ 17.01.2019 വരെ | 2013-14 മുതൽ 2017-18 വരെ | 08.02.2019 |

## 1-10 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 32,226/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/19.04.2022) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ന് മുമ്പായി പ്രസ്തുത ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ പേരിൽ ഒടുക്കുവരുത്തിയ തുക തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചത്. പ്രസ്തുത ഇനത്തിൽ ഒടുക്ക വരുത്തിയ തുകയുടെയും തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക വരുത്തിയതിന്റെയും വിശദാംശങ്ങൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-11 കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC-യുടെ 1% പിഴ ഈടാക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതും കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയതുമായ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും 1% പിഴ ഈടാക്കിയിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നം | 156/21 |
| പ്രോജക്ടിന്റെ പേര് | പാറയിൽ ശാസ്താവിള റോഡ് നവീകരണം |
| കരാറുകാരൻ | ശ്രീ. അപ്പുക്കുട്ടൻ. |
| അടങ്കൽ തുക | 2,75,000/- (വികസന ഫണ്ട്) |
| ചെലവുതുക | 2,72,296/- |
| പി.എ.സി. | 2,45,136/- |
| സെലക്ഷൻ നോട്ടീസ് തീയതി | 17.12.2019 |
| കരാർ നമ്പർ, തീയതി | 41/AE/LSGD/EDV/19-20, Dt. 31.01.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2,451/- |
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

2)

| | |
|---|---|
| പ്രോജക്ട് നം | 157/21 |
| പ്രോജക്ടിന്റെ പേര് | മരക്കടമുക്ക് - കൽക്കുട്ടംവിള റോഡ് നവീകരണം |
| കരാറുകാരൻ | ശ്രീ. അപ്പുക്കുട്ടൻ. |
| അടങ്കൽ തുക | 3,25,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവുതുക | 3,23,635/- |
| പി.എ.സി. | 2,88,443/- |
| സെലക്ഷൻ നോട്ടീസ് തീയതി | 17.12.2019 |
| കരാർ നമ്പർ, തീയതി | 42/AE/LSGD/EDV/19-20, Dt. 30.01.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2,894/- |

| | |
|---|---|
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

3)

| | |
|---|---|
| പ്രോജക്ട് നം | 147/21 |
| പ്രോജക്ടിന്റെ പേര് | ഇടവ പി.എച്ച്.സിക്ക് ഷീറ്റ് മേൽക്കൂര നിർമ്മാണം |
| കരാറുകാരൻ | ശ്രീ. അപ്പുക്കുട്ടൻ. |
| അടങ്കൽ തുക | 7,63,978/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവുതുക | 6,73,896/- |
| പി.എ.സി. | 6,82,123/- |
| സെലക്ഷൻ നോട്ടീസ് തീയതി | 26.08.2019 |
| കരാർ നമ്പർ, തീയതി | 19/AE/LSGD/EDV/19-20, Dt. 26.09.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 6,821/- |
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

4)

| | |
|---|---|
| പ്രോജക്ട് നം | 155/21 |
| പ്രോജക്ടിന്റെ പേര് | കാപ്പിൽ എൽ പി എസിന് ടോയ്ലറ്റ് നിർമ്മാണം |
| കരാറുകാരൻ | ശ്രീ. ഷാനവാസ്.എം.ആർ. |
| അടങ്കൽ തുക | 1,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവുതുക | 1,49,696/- |
| പി.എ.സി. | 1,33,225/- |
| സെലക്ഷൻ നോട്ടീസ് തീയതി | 17.12.2019 |
| കരാർ നമ്പർ, തീയതി | 44/AE/LSGD/EDV/19-20, Dt. 31.01.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1,332/- |
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

5)

| | |
|---|---|
| പ്രോജക്റ്റ് നം | 136/21 |
| പ്രോജക്ടിന്റെ പേര് | കൽക്കുളം ആലുനിന്ന വിള റോഡ് നിർമ്മാണം |
| കരാറുകാരൻ | ശ്രീ. അപ്പുക്കുട്ടൻ. |
| അടങ്കൽ തുക | 5,78,114/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവുതുക | 5,78,114/- |
| പി.എ.സി. | 5,16,173/- |
| സെലക്ഷൻ നോട്ടീസ് തീയതി | 26.08.2019 |
| കരാർ നമ്പർ, തീയതി | 20/AE/LSGD/EDV/19-20, Dt. 26.09.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 5,162/- |
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

6)

| | |
|---|---|
| പ്രോജക്റ്റ് നം | 152/21 |
| പ്രോജക്ടിന്റെ പേര് | കല്ലായി ബീച്ച് റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. സുൽഫിക്കർ |
| അടങ്കൽ തുക | 4,25,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവുതുക | 3,37,758/- |
| പി.എ.സി. | 3,78,520/- |
| സെലക്ഷൻ നോട്ടീസ് തീയതി | 7.12.2019 |
| കരാർ നമ്പർ, തീയതി | 39/AE/LSGD/EDV/19-20, Dt. 31.01.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 3,785/- |
| കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഫസീല ബീവി |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (35/25.04.2022) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ (6) പ്രകാരമുള്ള പിഴ തുകയായ 3785/- രൂപ 26.04.2022-ലെ 12201000294/G010102 രസീതു പ്രകാരം ഒടുക്കുവരുത്തി. മറ്റ് പ്രവൃത്തികൾ യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും പിഴ ഈടാക്കി ഒടുക്കു വരുത്തുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.35/23.04.2022 മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പിരിവ് - വിവിധ അപാകങ്ങൾ

1) വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല .

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ 1, 2, 4 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/364 | സജീബ് | പാർപ്പിടം | 140.25 $M^2$ |
| 2 | 1/165 | സംയുക്ത | പാർപ്പിടം | 110 $M^2$ |
| 3 | 1/15 | സുലോചന | പാർപ്പിടം | 98.25 $M^2$ |
| 4 | 1/26 | പുഷ്പവല്ലി | പാർപ്പിടം | 89.95 $M^2$ |
| 5 | 1/101 | ഇസ്മായിൽ | പാർപ്പിടം | 88.35 $M^2$ |
| 6 | 1/366 | ലളിത | പാർപ്പിടം | 71.02 $M^2$ |
| 7 | 1/320 | മുഹമ്മദ് ഇസ്മായിൽ | പാർപ്പിടം | 69.7 $M^2$ |
| 8 | 1/46 | വനജാക്ഷി | പാർപ്പിടം | 65.5 $M^2$ |
| 9 | 1/351 | വിമല | പാർപ്പിടം | 64.8 $M^2$ |
| 10 | 1/102 | ബേബി സുപ്രഭ | പാർപ്പിടം | 63.96 $M^2$ |
| 11 | 1/62 | ഹസൻ | പാർപ്പിടം | 63.36 $M^2$ |
| 12 | 1/163 | പ്രസന്ന | പാർപ്പിടം | 61.6 $M^2$ |
| 13 | 2/134 | അസ്ലാം | പാർപ്പിടം | 134 $M^2$ |
| 14 | 2/235 | പ്രഭ | പാർപ്പിടം | 100 $M^2$ |
| 15 | 2/109 C | വിമല | പാർപ്പിടം | 80 $M^2$ |
| 16 | 2/380 | സുന്ദരേശൻ | പാർപ്പിടം | 80 $M^2$ |
| 17 | 2/398 | ഓമന അമ്മ | പാർപ്പിടം | 70 $M^2$ |
| 18 | 2/184 | ഭാരതി | പാർപ്പിടം | 63 $M^2$ |
| 19 | 4/359 | സുരേഷ് ബാബു | പാർപ്പിടം | 141 $M^2$ |
| 20 | 4/11 | അബൂബക്കർ | പാർപ്പിടം | 134.4 $M^2$ |
| 21 | 4/427 | ദേവകി | പാർപ്പിടം | 98 $M^2$ |
| 22 | 4/255 | ദേവദാസ് | പാർപ്പിടം | 91 $M^2$ |
| 23 | 4/137 | വിജയൻ നായർ | പാർപ്പിടം | 88 $M^2$ |
| 24 | 4/349 | നഹാസ് | പാർപ്പിടം | 74 $M^2$ |
| 25 | 4/218 | ഫാജിദ | പാർപ്പിടം | 72 $M^2$ |
| 26 | 4/332 | മൂസാക്കുട്ടി | പാർപ്പിടം | 64 $M^2$ |
| 27 | 4/263 | ലീലാമണി | പാർപ്പിടം | 63 $M^2$ |
| 28 | 4/148 | അബ്ദുൾ അസീസ് | പാർപ്പിടം | 62 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 01/18.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ:നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 14, 15, 16, 17 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 17/43 | ജെസി | പാർപ്പിടം | 435 $M^2$ | 12565 |
| 2 | 17/128 | ഹാഷിം | പാർപ്പിടം | 144 $M^2$ | 2143 |
| 3 | 17/313 | റമീസ | പാർപ്പിടം | 70 $M^2$ | 882 |
| 4 | 16/221 | അസിസിൻ | പാർപ്പിടം | 230 $M^2$ | 7251 |
| 5 | 16/340 | ഹബീബ് | പാർപ്പിടം | 100 $M^2$ | 1036 |
| 6 | 16/313 | അബ്ദുൾ അസീസ് | പാർപ്പിടം | 80 $M^2$ | 928 |
| 7 | 16/186 | ബഷീറ | പാർപ്പിടം | 100 $M^2$ | 632 |
| 8 | 16/167 | സീനത്ത് | പാർപ്പിടം | 125 $M^2$ | 579 |
| 9 | 15/50 | ഷാഹിന | പാർപ്പിടം | 230 $M^2$ | 8050 |
| 10 | 15/5 | പാർപ്പിടം | പാർപ്പിടം | 30 $M^2$ | 5672 |
| 11 | 15/449 | നസീർ | പാർപ്പിടം | 81 $M^2$ | 899 |
| 12 | 15/467 | ഷാനിദബീവി | പാർപ്പിടം | 110 $M^2$ | 756 |
| 13 | 14/85 | സാരംഗദേവൻ | പാർപ്പിടം | 156 $M^2$ | 1286 |
| 14 | 14/297 A | ലൈലാബീവി | പാർപ്പിടം | 112 $M^2$ | 1242 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/18.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ:നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1-ാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 16-ാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| 1 | 2 | 3 | 1 | 2 | 3 |
|---|---|---|---|---|---|
| Missing Building No.From | Missing To | Total Missing Buildings | Missing Building No.From | Missing To | Total Missing Buildings |
| 3 | - | 1 | 198 | 201 | 4 |

| | | | | | |
|---|---|---|---|---|---|
| 31 | 32 | 2 | 223 | 224 | 2 |
| 36 | 37 | 2 | 232 | - | 1 |
| 41 | - | 1 | 237 | - | 1 |
| 43 | - | 1 | 241 | - | 1 |
| 58 | - | 1 | 246 | 247 | 2 |
| 65 | - | 1 | 258 | - | 1 |
| 74 | - | 1 | 274 | - | 1 |
| 88 | 89 | 2 | 277 | - | 1 |
| 112 | - | 1 | 280 | 282 | 3 |
| 114 | 115 | 2 | 318 | - | 1 |
| 120 | - | 1 | 321 | 323 | 3 |
| 125 | - | 1 | 329 | - | 1 |
| 134 | - | 1 | 344 | - | 1 |
| 140 | 141 | 2 | 347 | - | 1 |
| 150 | - | 1 | 349 | - | 1 |
| 161 | - | 1 | 351 | - | 1 |
| 168 | - | 1 | 354 | 355 | 2 |
| 174 | - | 1 | 358 | 358 | 1 |
| 176 | - | 1 | 361 | 361 | 1 |
| 184 | - | 1 | 370 | 370 | 1 |
| 193 | - | 1 | 372 | 373 | 2 |
| | | | Total | | 60 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/20.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4)സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മേൽ വകുപ്പ് പ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|
| 1 | 11/252 B | ലത സുരേന്ദ്രൻ, രാകേഷ് സുരേന്ദ്രൻ, രോഹിണി സുരേന്ദ്രൻ | വിദ്യാഭ്യാ സാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ (സഞ്ചയയിൽ എയ്ഡഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു). |
| 2 | 11/252, 253, 254, 255 | ലത | വിദ്യാഭ്യാ സാവശ്യം | സർക്കാർ അംഗീകാരമുള്ള ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനം - വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ (സെ. 207 (1 (ബി എ)) ) (സഞ്ചയയിൽ എയ്ഡഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു). |
| 3 | 15/84 A | ഫാ. ജോസഫ് പാലക്കുന്നേൽ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ (സഞ്ചയയിൽ എയ്ഡഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു). |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/19.04.2022-ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ:നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടം - ഇളവ് നൽകിയതിൽ അപാകത.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | 16/296 | അംജിത്ത് ഖാൻ | 117 $M^2$ | 1527 |
| 2 | 16/264 | സാഹിദ | 60 $M^2$ | 1146 |
| 3 | 15/89 A | മാനേജർ,<br>ജവഹർ പബ്ലിക് സ്കൂൾ | 912 $M^2$ | 5746 |
| 4 | 15/89 B | മാനേജർ,<br>ജവഹർ പബ്ലിക് സ്കൂൾ | 882 $M^2$ | 5558 |
| 5 | 15/381 A | ഷെരീഫ ബീവി | 20 $M^2$ | 2385 |
| 6 | 15/389 | ബെന്നി ജോർജ്ജ് | 60 $M^2$ | 1352 |
| 7 | 9/360 C | വിനോദ് | 54 $M^2$ | 2016 |
| 8 | 7/468 | സജീവ് | 50 $M^2$ | 1116 |
| 9 | 7/43 | രാധാകൃഷ്ണൻ | 48 $M^2$ | 995 |
| 10 | 7/340 A | ബി.ബാലചന്ദ്രൻആശാരി | 20 $M^2$ | 924 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/18.04.2022-ന് ലഭിച്ച മറുപടിയിൽ ക്രമ നം.3, 4 പ്രകാരമുള്ള കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളാണെന്നും എല്ലാ കെട്ടിടങ്ങളുടെയും സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ:നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

6)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

A)സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31-ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്(കോവിഡ് പശ്ചാത്തലത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആദ്യ 10 വാർഡുകൾ പരിശോധിച്ചതിൽ 2020-21 വർഷം സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്ത താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 1/18 | അശേക് കുമാർ (എ.സ്സ്.ലാൻറ്, കാപ്പിൽ) |
| 2 | 1/180 | എൻ.ബാഹുലേയൻ (ദീപക് ഹൗസ്, കാപ്പിൽ) |
| 3 | 2/83 | വി.ശിവൻപിള്ള (വി.ബി.എസ്സ്.സദനം, കാപ്പിൽ) |
| 4 | 3/89 | സുന്ദരൻ നായർ (രേവതി, മാവുനിന്നവിള, പാറയിൽ) |
| 5 | 3/90 | ശാന്തകുമാരി (മാവുനിന്നവിള,പാറയിൽ) |
| 6 | 4/214 | സരസ്വതിഅമ്മ (കല്ലുവിള, പാറയിൽ, ഇടവ) |
| 7 | 6/21 | ശശിധരൻനായർ (മാളവികസദനം, തോട്ടുമുഖം) |
| 8 | 6/125 | പ്രസന്നകുമാരി (രാജപ്രസ്ഥം, ഇടത്തറവിള) |
| 9 | 7/67 | ഇന്ദിരഅമ്മ (ഇന്ദിരമന്ദിരം, കരിപ്പുറം വെൺകുളം) |
| 10 | 7/211 | ലീല & പൊടിയൻ (വല്ലഭംനിന്നവിള, വെൻകുളം) |
| 11 | 10/281 | എസ്സ്.ബേബി (രഘുപതി വിലാസം, ഇടവ) |

B)ഇളവ് കാലയളവിന് ശേഷം നികുതി പുനർ:നിർണയിച്ചിട്ടില്ല .

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവുകളിൽ വിമുക്ത ഭടന്മാരുടെ

വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇളവ് കാലയളവുകൾക്ക് ശേഷം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 15/439 | ഷാനിദാ ബഷീർ (തുഷാര, ഇടവ) | 162 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ |
| 2 | 3/253 | ജയനിവാസ് അനിതകുമാരി (അനിതാനിവാസ്, പാറയിൽ) | 76 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2016 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/19.04.2022-ന് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ (A) പ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ (B) പ്രകാരമുള്ള കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

7)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയംമൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 50/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 12/286 | പുത്തൻ വീട്,വർക്കല | ഷോപ്പ് | 148 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് ( ച .മീ) രൂപ | 50 | 60 |
| അടിസ്ഥാന വസ്തു നികുതി രൂപ | 7400 | 8880 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | |
| (എ .)മേഖല (തുക)(10%) | 740 | 888 |
| (ബി. )വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. )മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി. )കാലപ്പഴക്കം (തുക)(10%) | 740 | 888 |
| (ഇ. )ആകെ ഇളവ്(%) | ഇല്ല | ഇല്ല |
| (എഫ്. )ആകെ ഇളവ്(തുക) | 1480 | 1776 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | 1482 | ഇല്ല |
| വഴി സൗകര്യം (തുക)(20%) | 1480 | 1776 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 7400.00 | 8880 |
| ലൈബ്രറി സെസ്സ് (തുക) | 370.00 | 444 |
| സർവ്വീസ് ചാർജ്ജ് (തുക) | 0 | 0 |

| ആകെ (തുക) | 7770.00 | 9324.00 |
|---|---|---|

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 06/19.04.2022-ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ:നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ.16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 10/223 B | രാമചന്ദ്രൻ, ഇടവിള |
| | 10/223 C | |
| 2 | 17/159 | അയ്ഷ നിസാം, ഫിർദൗസ് |
| | 17/160 | |
| 3 | 6/374 C | രഞ്ജിനി, ശ്രീരാമജയം |
| | 7/374 C | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ.16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 165 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ മൂന്ന് വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| WardNO | DoorNo | SubNo | OwnerName | TotalFloorArea |
|---|---|---|---|---|
| 1 | 458 | | SANTHOSH | 48 |
| 1 | 474 | A | M.K.Sainudheen | 51.7 |
| 2 | 63 | C | SREEKANDAN, NANDINI | 50.75 |
| 2 | 122 | A | MAHESWARAN | 45.57 |
| 2 | 154 | A | SHEELA | 53.02 |
| 2 | 241 | C | SECRETARY | 176 |
| 2 | 260 | B | SALIK | 35.4 |
| 2 | 286 | A | THANKAMMA AMMA | 40 |
| 2 | 309 | A | ASWATHY S NAIR | 41.91 |
| 3 | 1 | C | Udayakumar/Sheela | 60 |
| 3 | 45 | B | KrishnaKumar/Sasikala | 52.8 |

| | | | | |
|---|---|---|---|---|
| 3 | 51 | C | Pushpamani | 30 |
| 3 | 69 | A | Saleena | 53 |
| 3 | 134 | A | Santhoshkumar | 46.74 |
| 3 | 164 | | Thankamani | 33 |
| 3 | 171 | | Sakunthala | 60 |
| 3 | 178 | B | Raju & Dhanaja | 53.13 |
| 3 | 220 | C | Sunitha | 53.68 |
| 3 | 272 | B | THANKAMANI | 60 |
| 3 | 285 | A | Ajitha | 11.62 |
| 3 | 303 | | BHASKARAN M | 20 |
| 3 | 308 | A | Gomathy | 27 |
| 3 | 308 | B | ASHA | 23 |
| 3 | 351 | A | VASANTHA KUMARI | 55.86 |
| 3 | 353 | A | Sunitha | 59.78 |
| 3 | 357 | D | Bindhu. R | 58.08 |
| 3 | 414 | A | RENJITH KUMAR R | 9.24 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 7/19.04.2022-ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9)കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി ഇളവ് അനുവദിച്ചു.

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, 2013-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 16/222 | ദാവൂദ് | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 11 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 2 | 13/79 | റെസിനി | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 23.76 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 3 | 13/80 | റെസിനി | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 34.2 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 4 | 14/93 A | ഗോപിനാഥൻനായർ | പാർപ്പിടം | 100 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 30 വർഷം |
| 5 | 15/452 C | ജൂലിയ | പാർപ്പിടം | 86 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 11 വർഷം |
| 6 | 15/419 A | സെയ്ദു | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ | 24 $M^2$ | 2019 രണ്ടാം അർദ്ധ വർഷം മുതൽ | 30 വർഷം |
| 7 | 17/43 A | ജെസ്സി | പാർപ്പിടം | 86 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 26 വർഷം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/19.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ

പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10)പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| അപേക്ഷ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| B3/1427/ 21/29.03.2021 | 14/199 A | കെ. ആർ. റമീസാബീവി | വാണിജ്യകെട്ടിടം | 25 $M^2$ | 2020 ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ | 1313 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 09/19.04.2022-ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

11)പൊതു ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പരിച്ചെടുത്തു.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് (സെ.207(1(എ)) പ്രകാരം പൊതു ആരാധനാലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ആരാധനാലയങ്ങളിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 17/485 A | പ്രസിഡന്റ്, വെട്ടക്കട തൈക്കാവ് | ആരാധനാലയങ്ങൾ | 29 ച.മീ | 765/- |
| 2 | 5/562 F | പ്രസിഡന്റ്, തകിടി കുടുംബക്ഷേത്രം | ആരാധനാലയങ്ങൾ | 32 ച.മീ | 864/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/20.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

12)സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല .

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2-ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ സഞ്ചയയിലെ ഉപയോഗ ക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വാർഡ്/കെ. നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് അപേക്ഷകൻ | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | 5/440 A | വസന്തകുമാരിഅമ്മ | ഡോളിയ | പേപ്പർ ബാഗ് നിർമ്മാണം | പാർപ്പിടം |
| 2 | 12/366 A,b | ഷേർളി | ബിജുരാജ് | ഹോട്ടൽ | ഹോംസ്റ്റേ |
| 3 | 8/392 | സുജ | സുജ | പലഹാര വില്പന | നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ടവ |
| 4 | 5/361 F | അശോക് കുമാർ | അശോക് കുമാർ | ഹോട്ടൽ | ഹോംസ്റ്റേ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 32/22.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിട നമ്പർ നൽകൽ- അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന അപാകങ്ങളുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| ഫയൽ നമ്പർ | A3/453/21 തീ.23.01.2021 |
| കെട്ടിട ഉടമ | ശ്രീമതി ഷൈന |
| കെട്ടിട നമ്പർ | 16/130 A |
| ഉപയോഗക്രമം | പാർപ്പിടം |
| വിസ്തീർണം | 311.78 $M^2$ |

അപാകങ്ങൾ

1) 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 12(4) പ്രകാരമുള്ള ഫോം 6-ൽ കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരം സംബന്ധിച്ച വിശദാംശം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സഞ്ചയയിൽ സാധാരണ തറ (മൊസൈക്ക്, തറയോട്, സിമന്റ്, റെഡ് ഓക്സൈഡ്) എന്ന് രേഖപ്പെടുത്തി നികുതി കണക്കാക്കിയിട്ടുണ്ട്.

2) പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 16/129 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 52.038 ച.മീറ്ററാണ്(5.75x9.05). എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന് 25 ച.മീ വിസ്തീർണ്ണം എന്ന് രേഖപ്പെടുത്തിയാണ് നികുതി കണക്കാക്കിയത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 45/26.04.2022-ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

## 1-14 അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടികൾ കാര്യക്ഷമമല്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 235(ഡബ്ല്യൂ) പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തെ പൊളിച്ച് കളയുന്നതിനോ നിർമ്മാണത്തിൽ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തീരദേശ വാർഡുകൾ മാത്രം പരിശോധിച്ചതിൽ അനധികൃതമായി നിർമ്മിച്ചതിൽ U/A നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | നമ്പർ നൽകിയ അനധികൃത കെട്ടിടങ്ങളുടെ എണ്ണം(U/A നമ്പർ) | തീരദേശ പരിപാലന ചട്ടം ലംഘിച്ച് നിർമ്മിച്ചവ | പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചവ / മറ്റുള്ളവ | അനധികൃത റിസോർട്ടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 20 | 12 | 8 | 8 |
| 2 | 9 | 4 | 5 | 3 |
| 11 | 9 | 7 | 2 | 5 |
| 12 | 20 | 19 | 1 | 15 |
| 13 | 22 | 20 | 2 | 19 |
| 15 | 6 | 6 | 0 | 6 |
| 17 | 14 | 9 | 5 | 8 |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ 118 കെട്ടിടങ്ങൾക്ക് U/A നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ 72 എണ്ണം റിസോർട്ടുകളാണ്. കൂടാതെ 2020-21 വർഷം മാത്രം 9 അനധികൃത റിസോർട്ടുകൾക്ക് U/A നമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 235 (ഡബ്ല്യൂ) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 90, 91 പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം, ഫയൽ, എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 46/26.04.2022-ന് ലഭിച്ച മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും U/A നമ്പർ നൽകിയ കെട്ടിടങ്ങളിന്മേൽ ചട്ടങ്ങൾ പ്രകാരവും നിയമാനുസൃതവുമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - പ്രധാന അപാകങ്ങൾ.

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 2019-20, 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ, 2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ 2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | I/451 | നസീർ | കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന |
| 2 | I/307 B | റജി.എസ് | പലചരക്ക് വ്യാപാരം |
| 3 | I/380 | നദീന ബീവി | ചായക്കട |
| 4 | I/374 | ആർ അജിത്ത് കുമാർ | എവർഷൈൻ പെയിന്റ് കട |
| 5 | I/419 | ഗോമതി | പി.ആർ ഹോട്ടൽ |

| | | | |
|---|---|---|---|
| 6 | I/464 | മോഹനൻ | കെ.കെ ട്രേഡേഴ്സ് - ഹാർഡ്‌വെയർ വിൽപ്പന |
| 7 | I/305 B | എൻ കുമാർ | തയ്യൽക്കട |
| 8 | II/326 | വിജയൻ നായർ | സ്റ്റേഷനറി സാധനങ്ങളുടെ വിൽപ്പന |
| 9 | II/- | മണികണ്ഠൻ നായർ | പലവ്യഞ്ജന സാധനങ്ങളുടെ വിൽപ്പന |
| 10 | II/387 | ആർ സുരേഷ് | ഹോട്ടൽ & റ്റീ ഷോപ്പ് |
| 11 | III/366 A | ബ്രൂണോ ലവസ്സർ | എ.ബി.എൽ റിസോർട്ട് |
| 12 | IV/178 | മുരളീധരൻ | ഫാൻസി&സ്റ്റേഷനറി |
| 13 | IV/- | അശോക് കുമാർ | സോഫ്റ്റ് ഡ്രിംഗ്സ് |
| 14 | IV/78 | വിനയകുമാർ | പലചരക്ക്, സ്റ്റേഷനറി |
| 15 | VI/48 B | രാജീവ് | ഡെക്കറേഷൻ സാധനങ്ങൾ വാടകയ്ക്ക് നൽകൽ |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങൾക്ക് 2020-21 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | I/451 | നസീർ | കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന |
| 2 | I/307 ബി | റജി എസ് | പലചരക്ക് വ്യാപാരം |
| 3 | I/ 419 | ഗോമതി | പി.ആർ ഹോട്ടൽ |
| 4 | I/464 | മോഹനൻ | കെ.കെ ട്രേഡേഴ്സ് - ഹാർഡ്‌വെയർ വിൽപ്പന |
| 5 | I/445 | അശോക് കുമാർ | പലചരക്ക് വ്യാപാരം |
| 6 | II/326 | വിജയൻ നായർ | സ്റ്റേഷനറി സാധനങ്ങളുടെ വിൽപ്പന |
| 7 | II/- | മണികണ്ഠൻ നായർ | പലചരക്ക് സാധനങ്ങളുടെ വിൽപ്പന |
| 8 | II/387 | ആർ സുരേഷ് | ഹോട്ടൽ & റ്റീഷോപ്പ് |
| 9 | VI/418 A | സതീഷ് എസ്.എസ് | ആശാൻ ജനറൽ സ്റ്റോഴ്സ് |
| 10 | VI/48 B | രാജീവ് | ഡെക്കറേഷൻ സാധനങ്ങൾ വാടകയ്ക്ക് നൽകൽ |
| 11 | VII/260 | മോഹനൻ നായർ | പലവ്യഞ്ജന വ്യാപാരം |
| 12 | VII/179 | രാമചന്ദ്രൻ നായർ | പലവ്യഞ്ജന വ്യാപാരം |
| 13 | XII-101 | മഞ്ജുനാഥൻ | ടി.എൻ വെജിറ്റബിൾസ് |

| | | | |
|---|---|---|---|
| 14 | XII-89 | രാധാമണി | തയ്യൽ പരിശീലനം. ഉണിത്തരങ്ങളുടെ വിൽപ്പന |
| 15 | XII-63 | പി.ബാബു | ഭാരത് കൺസ്ട്രക്ഷൻസ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/21.04.2022-ന് ലഭിച്ച മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ് .

## 1-16 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 270, 271, 1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A) 2019-20 വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ.അശ്വതി | എ.ബി.എൽ റിസോർട്ട് പ്രൈ.ലിമിറ്റഡ് |
| 2 | ആകാശ് | സൈക്ലസ് ഡയഗ്നോസ്റ്റിക്സ് |
| 3 | ഡോ.സ്മിതാ ദേവി ചന്ദ്രൻ | കടൽത്തീരം ആയുർവേദ സെന്റർ |
| 4 | ഡോ.രാജു | എം.ബി.എസ് ആയുർവേദ സെന്റർ |
| 5 | ഡോ.റിനി | നേച്ചർ ആയുർവേദ സെന്റർ |

B) സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ 2020-21 വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| Sl.No | Door NO | Owner Name | Owner Address |
|---|---|---|---|
| 1 | 1/218 | R.Sundaran | M.R.Bhavan |

| | | | |
|---|---|---|---|
| 2 | 5/151 | J.Vijayakumar | Bluemoon |
| 3 | 5/177 | Sarojini Amma | Thekkekali Veedu |
| 4 | 9/121 | D.Vijayakumar | Lakshmi |
| 5 | 15/99/D | Suseel | Amritha Medical Center |
| 6 | 15/160 | Moosakutty | Thottam |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/21.04.2022-ന് ലഭിച്ച മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 ഓഫീസ് വാഹന പരിപാലനം - അപാകങ്ങൾ.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/208/ധനം.തീ.02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധനക്ഷമത ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. കൂടാതെ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ KL16 H 125 രെജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള ഓഫീസ് വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച വിവരം, രേഖപ്പെടുത്തിയിട്ടില്ല. (ഉദാ.2020 നവംബർ, ഡിസംബർ) ഇന്ധനക്ഷമത ടെസ്റ്റ് 08.08.2018-ന് ശേഷം തൻവർഷം വരെ നടത്തിയിട്ടില്ല. കൂടാതെ മാസാവസാനം ലോഗ് ബുക്കിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുമില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 42/25.04.2022-ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളും മാർഗനിർദ്ദേശങ്ങളും കർശനമായും പാലിച്ചുകൊണ്ട് വാഹനം പരിപാലിക്കേണ്ടതാണ്.

## 1-18 പി.എച്ച്.സി-യിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO037/21 |
| പ്രോജക്ടിന്റെ പേര് | ആർദ്രം - ഇടവ പി.എച്ച്.സി-യിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 500000/- (മെ.നോൺ റോഡ്) |
| ചെലവ് | 499199/- |
| ബിൽ നം | 9/11.04.2020 (252126), 78/25.06.2020 (32700), 14/03.11.2020(92688), 313/11.04.2020 (121685) |

ആർദ്രം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി-യിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ജി.ഓ.(പി) നം.10/2019/എസ്.പി.ഡി തീ.22.08.2019, സർക്കുലർ നം.ഐ.ടി.സെൽ -1/26/2019/വി.സ.വ തീ.18.03.2019 എന്നിവ പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രീകൃത പ്രൊക്യൂർമെന്റ് സംവിധാനമായ സി.പി.ആർ.സി.എസ് മുഖേന മാത്രമേ വാങ്ങുവാൻ പാടുള്ളൂ. എന്നാൽ മേൽ പ്രോജക്ട് പ്രകാരമുള്ള ലാപ്ടോപ്പ്, പ്രിന്റർ, എന്നീ ഇനങ്ങളുടെ വാങ്ങൽ നടത്തിയിട്ടുള്ളത് സി.പി.ആർ.സി.എസ് സംവിധാനം മുഖേനയല്ല.

2)2013-ലെ സ്റ്റോർ പർച്ചേസ് മാന്വലിൽ (ഖണ്ഡിക 4.1 പ്രകാരം) ടെൻഡർ/ക്വട്ടേഷൻ നടപ്പാക്കുമ്പോൾ ഇന വിവരണങ്ങളിൽ ബ്രാന്റ് നെയിം, ഒരു പ്രത്യേക നിർമ്മാതാവിന്റെ നിർമ്മാണ കാറ്റലോഗ് നമ്പർ എന്നിവ ഉൾപ്പെടുത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെങ്കിൽ തത്തുല്യമായ എന്ന വാക്ക് ടെൻഡർ നോട്ടീസിൽ ചേർക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ച പ്രിന്റർ, പ്രൊജക്ടർ, പബ്ലിക് അഡ്രസ് സിസ്റ്റം, ഫർണീച്ചർ (കസേര) എന്നിവയിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ ബ്രാന്റ് നെയിം ഉൾപ്പെടുത്തിയാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്വട്ടഷൻ പരസ്യ നം.തീ | ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇനം |
|---|---|
| നം.714/2020 തീ.07.10.2020 | അഹുജ പബ്ലിക് അഡ്രസ് സിസ്റ്റം(പോർട്ടബിൾ)BTA 660(40 Watts) |

| | |
|---|---|
| നം.712/2020 തീ.07.10.2020 | നീൽ കമൽ കസേര CHR4002 (കൈതാങ്ങ് ഇല്ലാത്തത്) |
| നം.125/2021/PHCE തീ.02.03.2021 | Projector EPSON – Ink Tank Printer(canon G3010) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ 31/22.04.2022-ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 2013-ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ സാന്നിദ്ധ്യം മേൽ വാങ്ങൽ പ്രക്രിയയിൽ ഇല്ല എന്നു കാണുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം | S0135/21 |
| പ്രോജക്ടിന്റെ പേര് | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 255000/- (170000 (കേ.ഫ) + 85000 (ത.ഫ)) |
| ചെലവ് | 255000/- |
| ബിൽ നം | 42/25.05.2020 (85000), 41/25.05.2020 (170000) |

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം എന്ന ലക്ഷ്യത്തോടുകൂടിയാണ് 2020-21 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുള്ളത്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്ത് പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ 28.05.2020-ലെ 309/2020-ാം നമ്പർ നടപടിക്രമം പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും 1,50,000/-രൂപ വീതം അനുവദിക്കുകയും സർക്കുലർ നം.46/ഡി.സി.1/2020/തസ്വഭവ, തീ.05.02.2020 പ്രകാരമുള്ള പ്രവർത്തന കലണ്ടർ പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണെന്നും 30.09.2020-ന് മുൻപ് തുക പൂർണ്ണമായും വിനിയോഗിച്ച് ആയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത് 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | പ്രവർത്തനം | തീയതി |
|---|---|---|
| 2 | വീടുകളിൽ ഉറവിട നശീകരണവും ക്ലോറിനേഷൻ പ്രവർത്തനങ്ങളും | 15.10.2020 |
| 2 | വേസ്റ്റ് ഡിസ്പോസൽ &ക്ലീനിംഗ് | 15.10.2020 |
| 11 | വീടുകളിൽ ഉറവിട നശീകരണവും ക്ലോറിനേഷൻ പ്രവർത്തനങ്ങളും | 28.12.2020 |
| 11 | എക്കോ ഫ്രണ്ട്‌ലി ബാനർ പ്രിന്റിംഗ് | 28.12.2020 |
| 12 | വീടുകളിൽ ഉറവിട നശീകരണവും ക്ലോറിനേഷൻ പ്രവർത്തനങ്ങളും | 17.12.2020, 18.12.2020 |
| 12 | വേസ്റ്റ് ഡിസ്പോസൽ &ക്ലീനിംഗ് | 18.12.2020 |

11-ാം വാർഡിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും 2020 ഡിസംബർ മാസത്തിലാണ് നടപ്പാക്കിയിട്ടുള്ളത്.

2)വിവിധ വാർഡുകളിൽ എക്കോ ഫ്രണ്ട്‌ലി ബാനർ പ്രിന്റ് ചെയ്ത ഇൻവോയ്സുകളിൽ ഇൻവോയ്സ് നം, തീയതി, പ്രിന്റ് ചെയ്ത് നൽകിയത് ആർക്ക് വേണ്ടി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | ഇനം | സ്ഥാപത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | എക്കോ ഫ്രണ്ട്‌ലി ബാനർ ബോർഡ് | നക്ഷത്ര ഫ്ലക്സ് | 3500+3500 |
| 2 | എക്കോ ഫ്രണ്ട്‌ലി ബാനർ ബോർഡ് | നക്ഷത്ര ഫ്ലക്സ് | 3500+3500 |

3) സർക്കുലർ നം.46/ഡി.സി 1/2020/തസ്വഭവ തീ.05.02.2020 ഖണ്ഡിക 10.1 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളോടൊപ്പം നടപ്പാക്കേണ്ട വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കുലർ നം.ഡി.സി 1/191/2020/തസ്വഭവ, തീ.01.05.2020 തീയതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മാർഗരേഖയ്ക്ക് വിരുദ്ധമായി വിവിധ ഇനങ്ങൾക്ക് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | വൗച്ചർ നം | ഇനം | തുക |
|---|---|---|---|
| 3 | 2 | ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ ചെലവ് | 2000 |
| 17 | 4 | ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ ചെലവ് | 2000 |
| 5 | 1 | പി.പി.ഇ കിറ്റ് | 1197 |
| 6 | 2 | പി.പി.ഇ കിറ്റ് | 1197 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.04.2022) ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം | SO007/21 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 790000/- (665000(വി.ഫ) + 125000 (ബ്ലോ.പ)) |
| ചെലവ് | 778849/-(653849+125000) |

1)സ.ഉ(സാ.ധാ)നം. 553/2019/തസ്വഭവ തീ. 07.03.2019 ഖ.2.6.5 പ്രകാരം, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം 80/- രൂപ നിരക്കിൽ ഹോം കെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. 2020-21 വർഷം റിഫ്രഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുകകളുടെ ഇൻവോയ്സ്/ബില്ലുകളിൽ ഓരോ മാസത്തെയും മുഴുവൻ ചെലവുകളും ഉൾപ്പെടുത്തിയ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ബില്ലുകളിൽ ചെലവ് നടന്ന ദിവസം, ഓരോ ദിവസവും എത്ര വ്യക്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്, ഓരോ ദിവസത്തെയും ആകെ ചെലവ് തുടങ്ങിയവ സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.
2)സർക്കുലർ നം.01/2021/ഫിൻ, തീ.04.01.2021 പ്രകാരം വിവിധ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ ഇനങ്ങളിൽ ചെലവഴിക്കുന്ന തുകകൾ സ്ഥാപനത്തിന്റെ/സ്ഥാപന മേധാവിയുടെ അക്കൗണ്ടിൽ മാറ്റിയ ശേഷം കൈമാറുന്നത് ഒഴിവാക്കേണ്ടതാണെന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വിവിധ തുകകൾ മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്.
3)KL16L 7352 രജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള പാലിയേറ്റീവ് കെയർ ആംബുലൻസിന് ഇന്ധനം നിറച്ച ഇനത്തിൽ ബിൽ നം. 333/30.03.2021, ഇൻവോയ്സ് നം.486/04.03.2021 പ്രകാരം 2317/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 2021 മാർച്ച് മാസത്തെ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.04.2022) ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല.

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം, ഗ്രാമപഞ്ചായത്തിന് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിക്കേണ്ടതാണ്.

എന്നാൽ ഇടവ ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം ഒരു പ്രാവശ്യം (01.07.2020) മാത്രമാണ് ചേർന്നത്. പ്രസ്തുത യോഗത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനുള്ള സാധനങ്ങൾ സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത്.

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടന്നിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (39/25.04.2022) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ടി. ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കോവിഡ് നിയന്ത്രണങ്ങൾ കാരണമാണ് വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി സജീവമായി ഇടപെടാൻ കഴിയാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കുടുംബാരോഗ്യകേന്ദ്ര പരിസരത്ത് ഉപയോഗ ശൂന്യമായി കിടക്കുന്ന ട്രാക്ടർ ലേലം ചെയ്യുന്നത് സംബന്ധിച്ച്

ഇടവ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പരിസരത്ത് ഉപയോഗശൂന്യമായി കിടക്കുന്നതും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ളതുമായ KL 16K 7379 രജിസ്ട്രേഷൻ നമ്പരുള്ള ട്രാക്ടർ നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് മെഡിക്കൽ ആഫീസർ സമർപ്പിച്ച അപേക്ഷ ഭരണസമിതി ചർച്ച ചെയ്യുകയും ആയത് ലേലം ചെയ്തു നൽകുന്നതിന് എസ്റ്റിമേറ്റ് എടുക്കുന്നതിന് പി ഡബ്ല്യു ഡി മെക്കാനിക്കൽ വിഭാഗം അസി.എഞ്ചിനീയർക്ക് കത്ത് നൽകുന്നതിന് 15.02.2021-ലെ ജനറൽ കമ്മിറ്റി അജണ്ട 6 തീരുമാനം (1) പ്രകാരം തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/26.04.2022) ട്രാക്ടർ ഏത് വർഷത്തെ പദ്ധതി പ്രകാരമാണ് വാങ്ങിയത് എന്ന് വ്യക്തമല്ല എന്നും ട്രാക്ടർ ലേലം ചെയ്ത് നൽകുന്നതിന് പി ഡബ്ല്യു ഡി മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും വാല്യൂവേഷൻ/എസ്റ്റിമേറ്റ് ലഭ്യമാക്കി ലേലം ചെയ്യുന്നതാണെന്നും ഇതു സംബന്ധിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പരിവാഹൻ സൈറ്റ് പ്രകാരം സെക്രട്ടറിയുടെ പേരിലുള്ള ട്രാക്ടറിന്റെ രജിസ്ട്രേഷൻ തീയതി 13.06.2013 ആണ്. ട്രാക്ടറിന് ഫിറ്റ്നസ് 12.06.2028 വരെയുണ്ട്. വാഹനം ഏത് ആവശ്യത്തിന് വേണ്ടി വാങ്ങിയെന്നോ എന്നു വരെ ഉപയോഗിച്ചെന്നോ വ്യക്തമല്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012-ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇടവ ഗ്രാമപഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ ഇപ്രകാരം കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (38/11.04.2022) ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെങ്കിലും ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിൽ വിട്ടു പോയിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതാണെന്നും ആസ്തി രജിസ്റ്റർ പൂർണ്ണമായി എടുത്ത് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ലെന്നും അറിയിച്ചു.

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചില്ല.

എ.

| | |
|---|---|
| പ്രോജക്ട് നം പേര് | 54/21 ലൈഫ് ഭവനപദ്ധതി, ഭൂമിയുള്ള ഭൂരഹിതർക്ക് വീട് (ജനറൽ) |
| അടങ്കൽ തുക | 25360000/- വികസന ഫണ്ട്-500000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-7300000/-<br>ബ്ലോക്ക് വിഹിതം-2800000/-<br>വായ്പ -14760000/- |
| ചെലവ് തുക | 19740000/- വികസന ഫണ്ട്-500000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-6780000/-<br>വായ്പ - 12460000 /- |

മേൽ പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള ലൈഫ് ഭവന പദ്ധതി ഗുണഭോക്താവ് ഒരു ഗഡു കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ചെക്ക് നം/ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ബുഷ്റ കല്ലുവിളവീട്, ഡീസന്റ് മുക്ക്, ഇടവ | 40,000/- | SBI 743061, 11.01.2021 | പണി തുടങ്ങിയിട്ടില്ല. |

കൂടാതെ ചുവടെ ചേർത്തിട്ടുള്ള ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾ മൂന്ന് ഗഡുക്കൾ വരെ കൈപ്പറ്റി വീട് കോൺക്രീറ്റ് ചെയ്ത് നിർമ്മാണം അവസാന ഘട്ടത്തിൽ ആയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇവർ ഭവന നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1. | ഗോവർദ്ധനൻ | 320000/- |
| 2 | ചന്ദ്രിക | 280000/- |
| 3 | ഉഷാകുമാരി | 320000/- |
| 4 | അനിത | 320000/- |
| 5 | സജീർ | 360000/- |
| 6 | ഷൈല | 300000/- |
| 7 | ലക്ഷ്മി | 300000/- |
| 8 | സാജിദ് | 180000/- |
| 9 | കമാലുദീൻ | 180000/- |
| 10 | അഷറഫ് | 280000/- |
| 11 | വാഹിദ | 180000/- |
| 12 | അജിത്ത് | 320000/- |
| 13 | റസീന | 180000/- |
| 14 | ഷൈലേഷ് | 180000/- |
| 15 | താജുന്നീസ | 180000/- |

ബി.

| | |
|---|---|
| പ്രോജക്ട് നം പേര് | 55/21 ലൈഫ് ഭവനപദ്ധതി, ഭൂമിയുള്ള ഭൂരഹിതർക്ക് വീട് (എസ് സി പി) |
| അടങ്കൽ തുക | 9500000/- വികസന ഫണ്ട്-500000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-2000000/- |

| | |
|---|---|
| | ബ്ലോക്ക് വിഹിതം-1500000<br>വായ്പ -5500000/- |
| ചെലവ് തുക | 19740000/- വികസന ഫണ്ട്-500000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-2000000/-<br>വായ്പ - 2640000 /- |

ചുവടെ ചേർത്തിട്ടുള്ള ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ചെക്ക് നം /തീയതി/ ബിൽ നം/ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ശാലിനി<br>വയൽത്തൊടി വീട്,<br>വെൺകുളം , ഇടവ | 200000/- | 743097/12.3.21<br>40000/-<br>743115/29.3.21<br>160000/- | വീട് അടിസ്ഥാനം കെട്ടിയ ശേഷം ബാക്കി പണി തുടങ്ങിയിട്ടില്ല. |
| 2. | ബിന്ദു | 200000/- | | ലിന്റൽ പൂർത്തീകരിച്ചു. |

ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്ത സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, 22.4.22) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ലൈഫ് ജനറൽ പദ്ധതിയിൽ ക്രമ നം.1 പ്രകാരമുള്ള ഗുണഭോക്താവ് തുക കൈപ്പറ്റിയ ശേഷം ഇതുവരെ പണി ആരംഭിച്ചിട്ടില്ലെന്നും പലതവണ അറിയിപ്പ് നല്കിയിട്ടും പണി ആരംഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, ടി പദ്ധതിയിൽ രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റി അതാത് സ്റ്റേജിലുള്ള പണികൾ പൂർത്തീകരിച്ചുവെന്നും, ബാക്കി തുക നല്കാൻ ഫണ്ട് ലഭിക്കാത്തതിനാലാണ് തുക വിതരണം ചെയ്യാത്തതെന്നും, ഫണ്ട് ലഭിച്ചാലുടൻ പണി പൂർത്തിയാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചു.

ലൈഫ് എസ് സി പി പദ്ധതിയിൽ ക്രമ നം.1 പ്രകാരമുള്ള ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റി ബേസ്മെന്റ് പണി പൂർത്തീകരിച്ചതിനാലാണ് രണ്ടാം ഗഡു നല്കിയതെന്നും, എന്നാൽ പ്രസ്തുത തുക കൈപ്പറ്റിയ ശേഷം ഇതുവരെ അടുത്ത പണി ആരംഭിച്ചിട്ടില്ലെന്നും, പലതവണ അറിയിപ്പ് നല്കിയിട്ടും പണി ആരംഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, ടി പദ്ധതിയിൽ ക്രമ നം.2 പ്രകാരമുള്ള ബിന്ദു എന്ന ഗുണഭോക്താവ് അടുത്ത ഗഡു തുക ലഭിക്കാത്തതിനാലാണ് പണി ആരംഭിക്കാത്തതെന്നും, ഫണ്ട് ലഭിച്ചാലുടൻ തുക നല്കി പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

പദ്ധതി പണം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്തതും മുടക്കം വരുത്തിയതുമായ ബുഷ്റ, ശാലിനി എന്നീ ഗുണഭോക്താക്കളെ കൊണ്ട് പണി ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും ആരംഭിക്കാത്ത സാഹചര്യത്തിൽ നല്കിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം.

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗനിർണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ 34 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വിവിധ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 12,56,866/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജവഹർ പബ്ലിക് സ്കൂൾ – ഇടവ, എം.ആർ.എം.കെ.എച്ച്.എസ്.എസ് – ഇടവ എന്നിവടങ്ങളിൽ രണ്ട് IQC-കൾ രൂപീകരിച്ചിട്ടുണ്ട്.

IQC-കളുടെ പ്രവർത്തനത്തിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തൻവർഷം 2,17,761/- രൂപ ലഭിക്കുകയും ഈ തുക തനത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം ഒരു കമ്മ്യൂണിറ്റി കിച്ചൺ നടത്തി വന്നിരുന്നു. സംഭാവനയായി

സാധനങ്ങളോ, തുകയോ ലഭിച്ചിട്ടില്ല.

## 1-26 കമ്പ്യൂട്ടർ എ എം സി പുതുക്കൽ -കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ എ എം സി പുതുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 05/21 |
| അടങ്കൽ | 1,25,000/-<br>വികസനഫണ്ട് |
| ചെലവ് | 1,23,428/- |
| ബിൽ നമ്പർ | 337/20-21/30.3.21 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 1,23,428/- രൂപ ചെലവാക്കിയിട്ടുണ്ട്. വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസുകൾ, ലാപ്ടോപുകൾ മുതലായവയെ എ എം സി-യിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി 30.03.2021-ന് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നു.

1. പ്രസ്തുത കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ എം സി-യിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. പ്രസ്തുത പരിശോധനകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഖണ്ഡിക 2.16 പ്രകാരം പരാതി രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനകം പരാതി പരിഹരിക്കപ്പെടാത്ത സാഹചര്യം ഉണ്ടാവുകയോ കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ ചെയ്യുന്നില്ലെങ്കിൽ കെൽട്രോണിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കെൽട്രോൺ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-19, തീയതി 22.04.2022-ന് മറുപടിയായി യഥാസമയം കെൽട്രോണുമായി ബന്ധപ്പെട്ട് പരിശോധനകൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും പരിശോധന നടത്തിയതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

സമയക്രമം കൃത്യമായി പാലിച്ച് വാറണ്ടി ഉള്ളവയെ ഒഴിവാക്കി എ എം സി പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഹാർഡ്‌വെയർ രജിസ്റ്റർ വാറണ്ടി പിരീഡ്, എ എം സി പിരീഡ് മുതലായവ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കരാർ നിബന്ധനകൾ പ്രകാരമുള്ള പരിശോധനകൾ യഥാസമയം നിർവ്വഹിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുവിളക്ക് അറ്റകുറ്റപണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 21/21 |
| അടങ്കൽ | 3,75,000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 3,74,500/- |
| ബിൽ നം | 76/09.07.2020,<br>82/07.08.2020,<br>127/09.10.2020,<br>154/08.11.2020,<br>173/27.01.2021,<br>284/10.03.2021,<br>229/27.01.2021 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 3,74,500/-രൂപ തെരുവുവിളക്ക് അറ്റകുറ്റപണി നിർവ്വഹിച്ച കരാറുകാരന് നൽകിയിട്ടുണ്ട്. ഭരണസമിതി തീരുമാനപ്രകാരം (നമ്പർ 01/6, തീയതി 05.05.2020) 2019-20

വർഷത്തെ കരാറുകാരനായ നബീൽ, ബെസ്റ്റ് സേഫ് ഇലക്ട്രിക്കൽസിനെ തന്നെ തുടരാൻ അനുവദിച്ചിട്ടുണ്ട്. മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അറ്റകുറ്റപണിയുടെ തുക നൽകുന്നത്. എന്നാൽ പല സാക്ഷ്യപത്രങ്ങളിലും മെമ്പർമാരുടെ പേരോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, എന്നിവയും ഹാജരാക്കിയിട്ടില്ല. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറി നം -20തീയതി, 22.04.2022-ന്റെ മറുപടിയിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണസമയത്താണ് മെമ്പർമാരുടെ ഒപ്പ് വാങ്ങാൻ സാധിക്കാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ഇലക്ട്രീഷ്യൻമാർക്ക് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് കെ.എസ്.ഇ.ബി അംഗീകരിച്ച യോഗ്യതകൾ ഉണ്ടോ എന്ന് കൃത്യമായി വിലയിരുത്തുകയും ഇലക്ട്രീഷ്യൻമാരുമായി കൃത്യമായി കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മത്സ്യതൊഴിലാളികൾക്ക് കട്ടമരം നൽകൽ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം.

| | |
|---|---|
| പദ്ധതിയുടെ പേര് | ഫൈബർ റീഎൻഫോസ്ഡ് (എഫ് ആർ പി കട്ടമരം/ചെറിയ തടി വള്ളം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |
| പ്രൊജക്ട് നം. | 94/21 |
| അടങ്കൽ | ₹2,52,000/- (₹189000-വികസനഫണ്ട്,₹63000 മറ്റുള്ളവ) |
| ചെലവ് | 2,52,000/-, 352/30.03.2021 |

മത്സ്യതൊഴിലാളികളുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനായി കട്ടമരം വാങ്ങിനൽകുന്ന പദ്ധതിയാണിത്. 2020-21 വർഷം 7 മത്സ്യതൊഴിലാളികൾക്ക് കട്ടമരം വാങ്ങി നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം 22/2018/തസ്വഭവ, തീയതി – 14.02.2018 പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖ 6.3-ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) കട്ടമരത്തിന്റെ നിർമ്മാണം മുതൽ ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പരിശോധന നടത്തേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2) മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. കട്ടമരത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടില്ല.

അപാകതകൾ തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്റെ (ഓഡിറ്റ് അന്വേഷണം നമ്പർ 26/22.04.22) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കുടിവെള്ള വിതരണം പദ്ധതി-നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാരന് തുക നൽകി - 2,73,572/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വരൾച്ച-കുടിവെള്ള വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 118/21 |

| | |
|---|---|
| അടങ്കൽ | 5,00,000/- തനത്ഫണ്ട് |
| ചെലവ് | 3,05236/- |
| ചെക്ക് നം | 7500/666861/04.05.2020,<br>12038/-/12375/04.05.2020,<br>76586/-/666862/04.05.2020,<br>196986/-/110023/27.05.2020,<br>12126/110038/10.06.2020 |

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി പഞ്ചായത്ത് ക്വട്ടേഷൻ വിളിച്ചിരുന്നു. ജിപിഎസ് ഘടിപ്പിച്ച ടാങ്കർ ലോറികളിൽ വാഹനവാടക, ഇന്ധന ചെലവ് മറ്റ് ചെലവുകൾ ഉൾപ്പെടെയായിരുന്നു ക്വട്ടേഷൻ വിളിച്ചിരുന്നത്. (നമ്പർ എ3 2322/20/10.04.2020).

2000 ലിറ്റർ, 5000 ലിറ്റർ ടാങ്കുകളുടെ നിരക്കുകൾ പ്രത്യേകം രേഖപ്പെടുത്തണമെന്ന് ക്വട്ടേഷനിൽ വ്യക്തമാക്കിയിരുന്നു. ശ്രീ ശരത്, ഉത്രം, ഇടവ എന്നയാളിന് ലോഡൊന്നിന് 2250/-രൂപ നിരക്കിൽ കരാർ നൽകിയിട്ടുണ്ട്. എന്നാൽ ടിയാന്റെ ക്വട്ടേഷനിൽ 2000/5000 ലിറ്ററിന് പ്രത്യേകം നിരക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. ടിയാനുമായി ഏർപ്പെട്ട കരാർ ഭാഗികമാണ്. കരാറിൽ 2000 ലിറ്ററിന്റെ നിരക്കോ കരാറിൽ ഏർപ്പെട്ട തീയതിയോ ഇല്ല.

സ.ഉ (സാധാ) നം.494/2020, തീയതി 27.02.2020 നമ്പർ ഉത്തരവിലെ ക്രമ നം.3, 4 പ്രകാരമുള്ള വ്യവസ്ഥ അനുസരിച്ച് ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ വേണം കുടിവെള്ള വിതരണം നടത്തേണ്ടതെന്നും കുടിവെള്ള വിതരണം സംബന്ധിച്ച മോണിട്ടറിംഗ് നടത്തുന്നതിനുള്ള സംവിധാനവും ജി പി എസ് ട്രാക്കിംഗ് സംവിധാനവും ത സ്വ ഭ വ സ്ഥാപനങ്ങളുടെ ജില്ലാതല മേധാവികൾ ഏർപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്വട്ടേഷൻ നിബന്ധനകൾക്ക് വിരുദ്ധമായി കരാറുകാരന്റെ 3 വാഹനങ്ങളിൽ ജിപിഎസ് ഘടിപ്പിച്ചതും വാഹനങ്ങൾക്ക് ഇന്ധനം നിറച്ചിരിക്കുന്നതും പഞ്ചായത്താണ്. ഈ തുക പിന്നീട് കുറച്ചിട്ടാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. GPS ഘടിപ്പിച്ച തുക ഒഴിവാക്കി കരാറുകാരന് 2,73,572/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിനു മുമ്പ് ചുവടെ പറയുന്ന രേഖകൾ പരിശോധിച്ചിട്ടില്ല. ആയതിനാൽ കരാറുകാരന് നൽകിയ തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

1) വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ്, ജിപിഎസ് ട്രിപ്പ് ഷീറ്റ് എന്നിവ ലഭ്യമല്ല.

2)മേൽ സർക്കാർ ഉത്തരവ് പ്രകാരം വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ കുടിവെള്ളം എവിടെ നിന്നും ശേഖരിച്ചു, ഏതെല്ലാം വാർഡുകളിൽ വിതരണം ചെയ്തു, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവയൊന്നും ലഭ്യമല്ല.

3) കുടിവെള്ളം 2000 ലിറ്റർ ടാങ്കിലാണോ 5000 ലിറ്റർ ടാങ്കിലാണോ വിതരണം ചെയ്തിരിക്കുന്നത് എന്നത് പല ബില്ലുകളിലും രേഖപ്പെടുത്തിയിട്ടില്ല.

4) ഏതെല്ലാം വാർഡുകളിൽ വിതരണം ചെയ്യണമെന്ന് പഞ്ചായത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം (നം -40, തീയതി 25.04.2022) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കരാറിൽ ഏർപ്പെട്ടിനുശേഷം മാത്രം കരാറുകാർക്ക് തുക നൽകേണ്ടതാണ്. കുടിവെള്ളം വിതരണം നടത്തുമ്പോൾ വെള്ളത്തിന്റെ ശുദ്ധത ഉറപ്പു വരുത്തിമാത്രം വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. കരാറുകാരന് നൽകിയ 2,73,572/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21 മുൻബാക്കി (15993) വരവ് (1796453) | | പാലിന് സബ്സിഡി- ജനറൽ | 60000 | 15993 |
| | | | പാലിന് സബ്സിഡി | 150000 | |
| | | | സ്നേഹസ്പർശം | 299250 | |
| | | | ന്യൂലൈഫ് പദ്ധതി (ജനറൽ) | 1040000 | |
| | | | ഹരിതഭവനം | 111203 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 136000 | |
| | | | ആകെ | 1796453 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1778313 (മുൻബാക്കി) 1826450 (വരവ്) | ക്ഷീരസമൃദ്ധി- ജനറൽ | 150000 | 262884 |
| | | | ജൈവ സമൃദ്ധി | 3400 | |
| | | | തരിശ് ഭൂമിയിൽ വാഴകൃഷി | 52800 | |
| | | | അനുപൂരക പോഷകാഹാരം | 50000 | |
| | | | സ്നേഹസ്പർശം | 299250 | |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 136000 | |
| | | | ശാരീരിക വെല്ലുവിളി നേരിടുന്നനർക്ക് സ്കോളർഷിപ്പ് | 50000 | |
| | | | പാലിയേറ്റീവ് കെയർ | 125000 | |
| | | | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (Scp Spillover) | 586508 | |

| | |
|---|---|
| ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 400000 |
| തരിശ്നിലം കൃഷി | 40000 |
| ന്യൂ ലൈഫ് ജനറൽ | 520000 |
| ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) Spillover | 928921 |
| ആകെ | 3341879/- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

| നിർവ്വഹണ ഏജൻസി | മുൻബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച/വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 69,424 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,23,988/- | 69,424/- | 1,23,988/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി HUDCO | ജി.ഒ.എം.എസ്.68/2018 തീ. 18.05.2018 | 19181765/- | 15100000/- | 2564432/- | 31717333/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 23231797 |
| ഓഡിറ്റ് വർഷത്തെ വരവ് | 89853233 |

| | |
|---|---|
| ആകെ | 113085030 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 93353582 |
| നീക്കിയിരിപ്പ് | 19731448 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,73,572 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 2,73,572 | ശ്രീ. ഷാജി.എൻ. സെക്രട്ടറി |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ഷാജി. എൻ. സെക്രട്ടറി | സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത് | അഷ്ടമി, ചെമ്മരത്തുമുക്ക്, നഗരൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 3 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 5 |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2549/2014, തീയതി 23.12.2014 | 11 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 8 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1917/2016, തീയതി 07.11.2016 | 14 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1685/2017, തീയതി 08.08.2017 | 21 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/187/2019, തീയതി .12.04.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/362/2020, തീയതി 12.03.2021 | 46 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/666/2021, തീയതി 30.03.2021 | 15 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്